# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKLM/P10/539 / 23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 12/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം(AIMS മുഖേന)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSAKLM/P10/539 / 23 തീയ്യതി: 12/04/2023

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യൂറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.അരുൺജിത്ത് ജി സീനി.ഗ്രേ.ഓഡിറ്റർ
ശ്രീമതി ദിവ്യ ജെ., സീനി.ഗ്രേ.ഓഡിറ്റർ
ശ്രീ.സുനിൽകുമാർ യു.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഡ്വ. അൻസാർ ഷാഫി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ കെ. | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി ഗംഗാഭായി | ശിശുവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| പി.ഉണ്ണികൃഷ്ണപിള്ള | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്പ ജോസഫ് | അസ്സി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുപമ സുഗതൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 03-11-2021 |
| ശ്രീമതി ബിന്ദു ബി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-11-2021 | 31-03-2022 |
| ശ്രീമതി സീന ജെറോം | അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 06-10-2021 |
| ശ്രീ.ബൽഗീസ് | അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 06-10-2021 | 31-03-2022 |
| ഡോ.ബൈജു സുകുമാരൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 01-04-2021 | 31-03-2022 |
| ഡോ.എം.കെ.വിമല | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)) | 01-04-2021 | 31-03-2022 |
| ശ്രീ.അൻസാർ പി.എ. | വ്യവസായ വികസന ഓഫീസർ | 01-04-2021 | 11-11-2021 |
| ശ്രീമതി ഗിരിജ വി.പി. | വ്യവസായ വികസന ഓഫീസർ | 12-11-2021 | 31-03-2022 |
| ശ്രീമതി ഹണി എ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 19-07-2021 |
| ശ്രീമതി മുനീറ ബീവി | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 19-07-2021 | 21-01-2022 |
| ശ്രീമതി ലക്ഷ്മി ജി.മോഹൻ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 22-01-2022 | 30-01-2022 |
| ശ്രീമതി സലീല എസ് | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 31-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | കടമുറികളുടെ വാടക യഥാസമയം ഈടാക്കുന്നില്ല. | 1-11 |
| 13 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-12 |
| 14 | ഭരണസമിതി തീരുമാനങ്ങളിൻമേൽ സമയബന്ധിതമായി തുടർനടപടി ഉണ്ടാകുന്നില്ല. | 1-13 |
| 15 | വിദ്യാദീപം പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-14 |
| 16 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | ഹോം കെയർ വാഹന വാടക - 3,420/- രൂപ അധികം നൽകി. | 1-16 |
| 18 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-17 |
| 19 | പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-18 |
| 20 | താലൂക്ക് ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-19 |
| 21 | സോളാർ പാനൽ സ്ഥാപിക്കൽ - കേന്ദ്രസർക്കാരിൽ നിന്നുള്ള ഇൻസെന്റീവ് വിവരം ലഭ്യമായിട്ടില്ല. | 1-20 |
| 22 | പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-21 |
| 23 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഇ.എം.ഡി കണ്ടുകെട്ടിയില്ല. | 1-22 |
| 24 | ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല. | 1-23 |
| 25 | ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം | 1-24 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ്. | |
| 26 | ബെയിലിംഗ് യൂണിറ്റിനായി വാങ്ങിയ മെഷീനറികൾ വാറണ്ടി കാലം കഴിഞ്ഞിട്ടും ഇൻസ്റ്റാൾ ചെയ്തിട്ടില്ല - പദ്ധതിപ്പണത്തിന്റെ പാഴ് ചെലവ്. | 1-25 |
| 27 | പദ്ധതി ആസൂത്രണം നിർവ്വഹണത്തിനായുള്ള പ്രോജക്ടിൽ നിന്നുള്ള അനധികൃത ചെലവ് അംഗീകരിക്കുന്നില്ല. | 1-26 |
| 28 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശൂരനാട് പി എച്ച് സി-ക്ക് നേരിട്ട് സോളാർ പാനൽ സ്ഥാപിച്ചതിനുള്ള ചെലവ് അംഗീകരിക്കുന്നില്ല. | 1-27 |
| 29 | ബ്ലോക്ക് ഓഫീസ് കംപ്യൂട്ടർവത്ക്കരണം - കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. | 1-28 |
| 30 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 31 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-30 |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് തുകകൾ അനുവദിച്ചപ്പോൾ നടപടിക്രമം പാലിച്ചിട്ടില്ല. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബെയിലിംഗ് യൂണിറ്റിനായി വാങ്ങിയ മെഷീനറികൾ വാറണ്ടി കാലം കഴിഞ്ഞിട്ടും ഇൻസ്റ്റാൾ ചെയ്തിട്ടില്ല - പദ്ധതിപ്പണത്തിന്റെ പാഴ് ചെലവ്. | 3-1 |
| 2 | പദ്ധതി ആസൂത്രണം നിർവ്വഹണത്തിനായുള്ള പ്രോജക്ടിൽ നിന്നുള്ള അനധികൃത ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശൂരനാട് പി എച്ച് സി ക്ക് നേരിട്ട് സോളാർ പാനൽ സ്ഥാപിച്ചതിനുള്ള ചെലവ് അംഗീകരിക്കുന്നില്ല | 3-3 |
| 4 | ഹോം കെയർ വാഹന വാടക - 3,420/- രൂപ അധികം നൽകി. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 20.5.2022 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) 450250110-Treasury TSB ആയി രേഖപ്പെടുത്തിയിട്ടുള്ള (A/C No.70403140000011) അക്കൗണ്ടിന്റെ പാസ്സ്ബുക്ക് പ്രകാരം 31.03.22 ലെ ബാലൻസ് 7,17,830/-രൂപ ആണെങ്കിലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്ബുക്ക് ബാലൻസ് 8,34,637/-രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. വ്യതിയാനത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

2) 450610103-SBI Cfc ആയി ഉൾപ്പെടുത്തിയിട്ടുള്ള (A/c No.40085995033) അക്കൗണ്ടിന്റെ പാസ്ബുക്ക് പ്രകാരം ബാലൻസ്49,62,677/-ആണെങ്കിലും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്സ് ബുക്ക് ബാലൻസ് 49,61,357/- കാണിച്ചിരിക്കുന്നു. വ്യതിയാനത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

3) Bio Diversity Management നായി 30.01.15 ൽ ആരംഭിച്ച "Kerala Gramin Bank"ലെ അക്കൗണ്ട് ( A/c No.40639101008878) ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൌണ്ടിന്റെ പാസ്സ്ബുക്ക് പ്രകാരം 01.02.22 ൽ 2,16,440/-രൂപയും 01.02.23 ൽ 2,22,675/-രൂപയും നീക്കിയിരിപ്പ് ഉണ്ട്.

4) താഴെ പറയുന്ന വിവിധ ഫണ്ടിനങ്ങളുടെ ചെലവ് കണക്കുകൾ എ.സി.ആർ , ധനകാര്യ പത്രിക, സുലേഖ സ്റ്റേറ്റുമെന്റുകൾ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളത് പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് ഇനം | ധനകാര്യപത്രിക പ്രകാരം ചെലവ് ₹ | എ സി ആർ പ്രകാരം ചെലവ് ₹ | സുലേഖ സ്റ്റേറ്റുമെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|---|
| വികസന ഫണ്ട് -ജന. | 2,07,42,926/- | 2,07,42,926/- | 2,05,56,876/- |
| വികസന ഫണ്ട് -എസ് സിപി | 2,33,36,360/- | 2,37,17,160/- | 2,33,36,360/- |
| മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് | 85,72,701/- | 88,72,701/- | 85,99,578/- |

വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5) പി എം എ വൈ പദ്ധതിയ്ക്കായി തൻവർഷം ആവിഷ്കരിച്ചിരുന്ന നാലു പ്രോജക്ടുകൾക്കായി (പ്രോജക്ട് നം.151/22, 157/22, 158/22) തൻവർഷം തുക വകയിരുത്തി ചെലവഴിച്ചിരുന്നെങ്കിലും പ്രോജക്ടുകളുടെ ചെലവ് സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നം.149/22 പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന് ശ്മശാന നിർമ്മാണത്തിന് ₹7,71,400/- അനുവദിച്ചതിന്റെ ചെലവ് സുലേഖ സ്റ്റേറ്റുമെന്റിൽ പ്രതിഫലിച്ചിട്ടില്ല.

6) വാടക ഇനത്തിലെ തൻവർഷ ഡിമാന്റ്, കളക്ഷൻ, കുടിശിക തുകകളുടെയും മുൻവർഷ കുടിശിക തുകകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) ഋണ ശീർഷ നിക്ഷേപങ്ങളുടെ വരവ്, തിരികെ നല്കൽ എന്നിവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നിക്ഷേപരജിസ്റ്റർ വർഷാന്ത്യക്ലോസിംഗ് നടത്തി ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഷെഡ്യൂളുമായി

പൊരുത്തപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

8) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ I-18 – പ്രയർ പീരിയഡ് ഐറ്റംസ് - എന്ന് രേഖപ്പെടുത്തിയ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10) അഡ്വാൻസ് രജിസ്റ്ററിൽ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വർഷാന്ത്യ ക്ലോസിംഗ് നടത്തി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,89,53,133/- രൂപ |
| വരവ് | 8,53,71,968/- രൂപ |
| ആകെ | 10,43,25,101/- രൂപ |
| ചെലവ് | 8,42,94,283/- രൂപ |
| നീക്കിയിരിപ്പ് | 2,00,30,818/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 7,16,554/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,06,26,234/-രൂപ |

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,42,12,000/- | 2,42,12,000/- | 2,07,42,926/- | 34,69,074/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2,97,21,000/- | 2,97,21,000/- | 2,37,17,160/- | 60,03,840/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 95,04,364/- | 95,04,364/- | 88,72,701/- | 6,31,663/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 36,20,150/- | 36,20,150/- | 14,82,690/- | 21,37,460/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 0 | 67,63,000/- | 67,63,000/- | 34,24,799/- | 33,38,201/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക് അൺ ടൈഡ്) - ട്രഷറി | 0 | 4,75,380/- | 4,75,380/- | 4,21,064/- | 54,316/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 0 | 45,08,000 + 94,428 | 46,02,428/- | 30,58,295/- | 15,44,133/- |

| | | | | | |
|---|---|---|---|---|---|
| (ബേസിക് അൺ ടൈഡ്) - ബാങ്ക് | | ------------ 46,02,428/- | | | |

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ടി എസ് സി | 20,14,999/- | 0 | 20,14,999/- | 7,71,400/- | 12,43,599/- |
| സ്വച്ഛ് ഭാരത് | 10,330/- | 0 | 10,330/- | 0 | 10,330/- |
| ഐ എ വൈ | 1,20,15,268/- | 85,240/- | 1,21,00,508/- | 10,08,000/- | 1,10,92,508/- |
| MPLAD/MLASDF | 8,06,048/- | 5,944/- | 8,11,812/- | 180/- | 8,11,812/- |

## 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 14,44,09,691/- | 63 | 6,30,77,551/- | 10 | 55 | 49.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.3.2023 3.20 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേദിവസം കാഷ് നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യായിലേക്ക് ഇന്ററപ്ഡ് രസീത് വഴി ഉൾപ്പെടുത്തുന്നില്ല. കമ്പ്യൂട്ടർ രസീതുകൾ, കൈകൊണ്ടെഴുതുന്ന രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതുചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്.

സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല. പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിലെ ചെലവിനാധാരമായ എല്ലാ വൗച്ചറുകളും എഴുതി സൂക്ഷിക്കുന്നില്ല. തനത് ഫണ്ട് പ്രോജക്ട് തുകകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരമുള്ള തനത് ഫണ്ട് തുകകളുടെ ചെലവുകൾ കണക്കാക്കുവാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ചെലവ് വൗച്ചറുകൾ സൂക്ഷിക്കാത്തതും, തനതുഫണ്ട് പ്രോജക്ട് ചെലവുകൾ സുലേഖ സ്റ്റേറ്റ്മെന്റിൽ അപ്ഡേറ്റ് ചെയ്യാത്തതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അക്കൗണ്ട്സ് വിഭാഗം, ബന്ധപ്പെട്ട സെക്രട്ടറി എന്നിവരുടെ മേൽനോട്ട വീഴ്ചയാണ് ഇതു പ്രതിഫലിപ്പിക്കുന്നത്. ടി വിവരം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം കര്യക്ഷമമായി നടപ്പിൽ വരുത്തുന്നില്ല. പദ്ധതി പണം കാര്യക്ഷമമായും ജനോപകാരപ്രദമായും വിനിയോഗിക്കാൻ ഭരണസമിതിയുടെ സൂക്ഷ്മ ശ്രദ്ധയും ജാഗ്രതയും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.6.2016 | 2012-13 To 2015-16 | 23.12.2016 |

## 1-11 കടമുറികളുടെ വാടക യഥാസമയം ഈടാക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ വായനശാല ജംഗ്ഷന് സമീപം പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മഹിളാ വ്യവസായ വികസന കേന്ദ്രത്തിൽ നിന്നും 05/22 മുതലുള്ള വാടക ഈടാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിലെ 2 കടമുറികളിൽ നിന്നായി 1,000/-രൂപയാണ് പ്രതിമാസം വാടക ഈടാക്കുന്നത്. 2020 ഡിസംബർ മാസത്തിലാണ് അവസാനമായി വാടക പുതുക്കിയിട്ടുള്ളത്. കാലാനുസൃതമായി വാടകയിൽ വർദ്ധനവ് വരുത്തുന്നതിനും, വാടക യഥാസമയം ഈടാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നില്ല. വാടകക്കാരുമായി നിയമാനുസൃതമായ കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്, വാടക ഈടാക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 17/09.03.2023

## 1-12 ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി എന്ന പദ്ധതിയുടെ ചുവടെ പറയുന്ന ബിൽ പ്രകാരമുള്ള തുകയുടെ ചെലവിന് അനുബന്ധമായ രേഖകൾ (ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ്) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക (രൂപ) |
|---|---|
| 13/22.02.22 | 1,93,436/- |
| 14/22.02.22 | 78,043/- |
| 15/22.02.22 | 32,589/- |
| 16/22.02.22 | 64,529/- |
| 17/22.02.22 | 46,502/- |
| 18/22.02.22 | 79,835/- |
| 19/22.02.22 | 1,43,460/- |
| 21/10.03.22 | 66,330/- |

| | |
|---|---|
| 25/29.03.22 | 27,250/- |
| 26/29.03.22 | 91,494/- |
| 27/29.03.22 | 42,706/- |
| 28/29.03.22 | 21,602/- |
| 29/29.03.22 | 6,235/- |
| 30/31.03.22 | 44,092/- |
| 31/31.03.22 | 1,19,377/- |
| 32/31.03.22 | 74,178/- |
| 33/31.03.22 | 41,857/- |
| 34/31.03.22 | 96,528/- |
| 35/31.03.22 | 69,644/- |
| 36/31.03.22 | 11,659/- |
| 37/31.03.22 | 7,771/- |
| 38/31.03.22 | 4,808/- |
| 40/31.03.22 | 46,518/- |
| 41/31.03.22 | 9,260/- |
| 42/31.03.22 | 21,310/- |
| 43/31.03.22 | 21,026/- |
| 44/31.03.22 | 66,198/- |
| 45/31.03.22 | 36,072/- |
| ആകെ | 15,64,309/- |

ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള 15,64,309/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന് അനുബന്ധമായ രേഖകൾ പരിശോധനക്ക് ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 13 – 09.03.2023

തടസ്സപ്പെടുത്തിയ തുക - 15,64,309/-രൂപ

1-13 ഭരണസമിതി തീരുമാനങ്ങളിൻമേൽ സമയബന്ധിതമായി തുടർനടപടി ഉണ്ടാകുന്നില്ല.

2021-22 വർഷത്തെ ജനറൽ കമ്മിറ്റി മിനിട്സിൽ പരാമർശിക്കപ്പെട്ട തീരുമാനങ്ങളിൻമേൽ തുടർനടപടികൾ ഉണ്ടാകുന്നില്ലയെന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ജൈവ കാർഷിക വിപണന കേന്ദ്രം അടച്ചുപൂട്ടി.

18.06.2021 ലെ തീരുമാന നമ്പർ :- 4

"ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിലെ ജൈവ കാർഷിക വിപണന കേന്ദ്രം പ്രവർത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ 'ഗ്രാമ സ്വയം സഹായ സഹകരണ സംഘം- പോരുവഴി' ഏറ്റെടുത്ത്ചെയ്യുന്നതിന് 400/-രൂപ വാടക നൽകിക്കൊണ്ട് പ്രവർത്തിച്ചു കൊള്ളാമെന്നു സമ്മതിച്ചിരുന്നതാണ്. എന്നാൽ നാളിതുവരെയായിട്ടും പ്രസ്തുത സംഘം പ്രവർത്തനം തുടങ്ങാത്തത് സമിതി ചർച്ച ചെയ്തു. സ്ഥാപനം തുറന്നു പ്രവർത്തിക്കുന്നതിന് സംഘം സെക്രട്ടറിക്ക് രേഖാമൂലം കത്ത് നൽകുന്നതിനും സംഘം തുടർന്ന് പ്രവർത്തിക്കുവാൻ സന്നദ്ധമല്ല എങ്കിൽ

അംഗീകൃത കാർഷിക വിപണിയുമായി അഫിലിയേഷനുള്ള സംഘങ്ങളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു."

14.09.2020 ൽ വനിത എസ്. എച്ച് ജി./കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 28.09.2020 ൽ ശ്രീ. തോമസ് കുച്ചുമ്മൻ (മാസ്റ്റർ കർഷകൻ) കരിമ്പിൻപുഴ സ്വാശ്രയ കർഷകഗ്രൂപ്പ് സമിതി, ടി ജൈവ കാർഷിക വിപണന കേന്ദ്രം 3 വർഷ കാലയളവിൽ 1,210/-രൂപ പ്രതിമാസ വാടക നിരക്കിൽ ബ്ലോക്ക് പഞ്ചായത്ത് അനുശാസിക്കുന്ന മാനദണ്ഡത്തിന് വിധേയമായി നടപ്പിലാക്കുന്നതിന് അനുവാദം നല്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ മറുപടിയിൽ അംഗീകൃത കാർഷിക വിപണിയുമായി അഫിലിയേഷൻ ഉള്ള സംഘങ്ങൾ ആരും തന്നെ അപേക്ഷ സമർപ്പിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചെന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ലായെന്നുമാണ് അറിയിച്ചിട്ടുള്ളത്. കരിമ്പിൻപുഴ സ്വാശ്രയകർഷകഗ്രൂപ്പ് സമിതിയുടെ അപേക്ഷ പരിഗണിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

(2) 18.06.2021 അജണ്ട :-4

"നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII പ്രൊപ്പോസൽ നൽകുന്നതിന് കൊല്ലം ജില്ലാ പ്രോജക്ട് ഡയറക്ടർ 05.05.2021 തീയതിയിൽ നൽകിയ കത്ത് ഭരണ സമിതി വിശദമായി ചർച്ച ചെയ്തു. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിനും പൊതുജനങ്ങളെ പുനരധിവസിപ്പിക്കുതിനും ബ്ലോക്ക്പഞ്ചായത്തിന് ഒരു പുനരധിവാസ കേന്ദ്രം ആവശ്യമാണെന്ന് വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ മൈനാഗപ്പള്ളി സി.എച്ച്.സി കോമ്പൗണ്ടിൽ അഞ്ചു കോടിയിൽ കവിയാത്ത തുകയ്ക്ക് ഒരു ദുരന്ത നിവാരണ കേന്ദ്രം പണിയുന്നതിന് പ്രൊപ്പോസൽ നല്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറെ ചുമതലപ്പെടുത്തി. പദ്ധതി തുക അനുവദിക്കുകയാണെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകേണ്ട 15 ശതമാനം തുക പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നതിനും തീരുമാനിച്ചു. പ്രൊപ്പോസലിന്റെ ഡി.പി.ആർ ഒരാഴ്ചയ്ക്കകം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

എന്നാൽ ഡി.പി.ആർ തയ്യാറാക്കി നാളിതുവരെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നബാർഡ് വഴി ഒരു പ്രവൃത്തിയും നടപ്പിലാക്കിയിട്ടില്ലയെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

(3) 22/07/2021

തീരുമാന നമ്പർ :- 3

"ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ ഉപയോഗ ശൂന്യമായ തകര ഷീറ്റുകൾ , ആസ്ബറ്റോസ് ഷീറ്റ്, കാർഷെഡ്, ഗേറ്റ് എന്നിവ ലേലം ചെയ്യുന്നതിന് വേണ്ടി വാല്യവേഷൻ എടുത്തു നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയതിന്റെ മേൽനടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

പ്രസ്തുത തീരുമാനം 08.03.2023 (ഓഡിറ്റ് നടക്കുന്ന തീയതി) ലാണ് അസി.എഞ്ചിനീയർക്ക് ലഭിച്ചതെന്ന് അസി.എഞ്ചിനീയർ രേഖാമൂലം വ്യക്തമാക്കി. ലേലനടപടികൾ സമയബന്ധിതമായി നടപ്പിലാകുന്നില്ലയെന്നതാണ് ഇത് വ്യക്തമാക്കുന്നത്.

(4) 12/10/2021

തീരുമാന നമ്പർ :- 4

'ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം ( കെ.എൽ.61-2125 നമ്പർ ഫോർഡ് ഫിയസ്റ്റ) അറ്റകുറ്റ പണി നടത്തി ഉപയോഗയോഗ്യമാക്കുന്നത് ലാഭകരമല്ല എന്നും, ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രത്യേക അനുമതി വാങ്ങി മാത്രമേ കണ്ടംനേഷന് സാധ്യമാകൂ എന്നും പരാമർശിക്കുന്ന പി.ഡബ്ലിയു.ഡി മെക്കാനിക്കൽ ഡിവിഷന്റെ സാക്ഷ്യ പത്രം (Uneconomic Certificate No. 106/2019 Dated 29/07/2019) സമിതി ചർച്ച ചെയ്തിട്ടുള്ളതും, ആയതിന്മേൽ താഴെപ്പറയുന്ന പ്രകാരം

തീരുമാനിച്ചിട്ടുള്ളതുമാണ്. "ബ്ലോക്ക് പഞ്ചായത്തിന്റെ സുഗമമായ നടത്തിപ്പിന് പ്രസിഡന്റിന് വാഹനം അനിവാര്യമായ സാഹചര്യത്തിൽ നിലവിലുള്ള വാഹനത്തിന്റെ (KL 61-2125ഫോർഡ് ഫിയസ്റ്റ) കണ്ടംനേഷനും, ലേല നടപടികൾക്കും സർക്കാരിനോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.""

എന്നാൽ ലേലനടപടികൾ നാളിതുവരെ പൂർത്തിയായിട്ടില്ല.

(5) തീരുമാന നമ്പർ :- 3

"ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുന്നത്തൂർ പഞ്ചായത്തിലെ ക്ലസ്റ്റർ ബിൽഡിംഗ് കോമ്പൗണ്ടിലെ കായ്ഫലമുള്ള തെങ്ങുകളുടെയും ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ കായ്ഫലമുള്ള തെങ്ങുകളുടെയും ആദായം എടുക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നല്കുന്നതിനും ലേല നടപടികൾ തുടങ്ങുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു." എന്നാൽ നാളിതുവരെ ലേല നടപടികൾ ആരംഭിച്ചിട്ടില്ല.

(6) 11.11.2021

തീരുമാന നമ്പർ :- 4

"ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ വിവിധ ഓഫീസുകളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന പ്ലാസ്റ്റിക് കസേരകൾ, വിറക് തടികൾ, ഇരുമ്പ് കമ്പികൾ എന്നിവ ലേലം ചെയ്ത് മാറ്റുന്നതിന് യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ വാലുവേഷൻ എടുത്ത് നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

എന്നാൽ നാളിതുവരെ ലേലനടപടികൾ ആരംഭിച്ചിട്ടില്ല.

(7) 15.02.2022

തീരുമാന നമ്പർ :- 4

"2002-03 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിട്ടുള്ളതും, നിലവിൽ ഉപയോഗിക്കാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഞാറുനടീലിനായുള്ള ട്രാൻസ്പ്ലാന്റർ ഉപയോഗ യോഗ്യമാണോ അല്ലയോ എന്ന് ഉറപ്പ് വരുത്തി മൂല്യനിർണ്ണയം നടത്തി കൃഷി വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും സാക്ഷ്യപത്രം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു."

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി തീരുമാനങ്ങൾ അതാത് സമയം ബന്ധപ്പെട്ട സെക്ഷനുകളിൽ നല്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ഭരണസമിതിയുടേയും സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-14 വിദ്യാദീപം പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്റ്റ് നം – 66/21-22

അടങ്കൽ തുക – 42,34,700/- (വികസനഫണ്ട് – എസ്.സി.പി)

ചെലവ് – 34,10,000/- (വികസനഫണ്ട് – എസ്.സി.പി)

ബിൽ നം, തുക – 11/21-22/ 29.11.21 – 2,70,000/-

ബിൽ നം – 19/24.12.21 - 1,50,000/-

ബിൽ നം – 23/13.01.22 – 90,000/-

മേൽ പറഞ്ഞ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട പഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപയാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യ ഗഡു കൈപ്പറ്റിയ ചുവടെ പറയുന്ന അപേക്ഷകർ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിൻ്റെ

വിശദാംശം അറിയിക്കേണ്ടതാണ്.

1. ശ്രീമതി സുലിത കെ., കല്ലിംഗതറയിൽ, മൈനാഗപ്പള്ളി
2. ശ്രീമതി ആതിര, ചന്ദ്രഭവനം, മൈനാഗപ്പള്ളി
3. ശ്രീ.സുരേഷ് പി.ആർ, പാലത്തടത്തിൽ, പോരുവഴി
4. ശ്രീമതി ഷീജ, ബിന്ദു ഭവനം, കുന്നത്തൂർ
5. ശ്രീമതി ബിന്ദു, ഐക്കര വീട്, കുന്നത്തൂർ
6. ശ്രീമതി സൌദാമിനി, ശ്രീശൈലം, ശൂരനാട്
7. ശ്രീമതി സലീന, കുളത്തുരേത്ത് ശൂരനാട് (വടക്ക്)
8. ശ്രീമതി ശകുന്തള റ്റി, വിളന്തറ ചരുവിൽ, പടി.കല്ലട

മേൽ പറഞ്ഞ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം തീർപ്പാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 06/08.03.23

1-15 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്ക് ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകുന്നതിനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| പ്രോജക്റ്റിൻ്റെ പേര്, നമ്പർ | ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ്, 47/22 | | |
| വകയിരുത്തിയ തുക | 7,00,000/- രൂപ വികസന ഫണ്ട് (പൊതുവിഭാഗം) | | |
| ചെലവഴിച്ച തുക | 699900 രൂപ | ശൂരനാട് വടക്ക്- 1,00,000/- രൂപ (Bill No. 145/31.12.21) | 5,31,900/-രൂപ |
| | | ശാസ്താംകോട്ട-1,52,600/- രൂപ (Bill No. 260/22.03.22) | |
| | | വെസ്റ്റ് കല്ലട-1,50,000/- രൂപ (Bill No. 113/30.11.21) | |
| | | മൈനാഗപ്പള്ളി-1,29,300/- രൂപ (Bill No. 202/28.02.2) | |

ശാസ്താംകോട്ട, ശൂരനാട് തെക്ക് ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിലുള്ള 5,31,900/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-04-08.03.23
തടസ്സപ്പെടുത്തുന്ന തുക - 5,31,900/-രൂപ

1-16 ഹോം കെയർ വാഹന വാടക - 3,420/- രൂപ അധികം നൽകി.

പദ്ധതി-69/22,സാന്ത്വനപരിചരണം
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ശൂരനാട് സി.എച്ച്.സി
അടങ്കൽ - 9,00,000/-രൂപ (വികസന ഫണ്ട് ജനറൽ-6,00,000/-,മെയിൻ്റനൻസ് ഫണ്ട് റോഡിതരം-3,00,000/-)
ചെലവ്-9,00,000/-രൂപ (വികസന ഫണ്ട് ജനറൽ- 6,00,000/-,മെയിൻ്റനൻസ് ഫണ്ട് റോഡിതരം-3,00,000/-)

2021-22 വർഷത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഹോം കെയറിന് ആവശ്യമായ വാഹനം കൊട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിനനിരക്ക് 980/-രൂപ കോട്ട് ചെയ്ത ശ്രീമതി.സിബിത് കുമാരി. എസ്സിൽ നിന്ന് വാഹനം വാടകയ്ക്ക് എടുത്തു. എന്നാൽ ദിവസ വാടക നൽകിയിരിക്കുന്നത് 1,000/-രൂപ നിരക്കിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീ.നമ്പർ | മാസം | നൽകേണ്ട തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 1 | ഏപ്രിൽ | 11x980= 10,780/- | 11,000/- | 220/- |
| 2 | മേയ് | 9x980= 8,820/- | 9,000/- | 180/- |
| 3 | ജൂൺ | 14x980= 13,720/- | 14,000/- | 280/- |
| 4 | ജൂലൈ | 15x980= 14,700/- | 15,000/- | 300/- |
| 5 | ആഗസ്റ്റ് | 13x980= 12,740/- | 13,000/- | 260/- |
| 6 | സെപ്റ്റംബർ | 16x980= 15,680/- | 16,000/- | 320/- |
| 7 | ഒക്ടോബർ | 15x980= 14,700/- | 15,000/- | 300/- |
| 8 | നവംബർ | 16x980= 15,680/- | 16,000/- | 320/- |
| 9 | ഡിസംബർ | 13x980= 12,740/- | 13,000 | 260/- |
| 10 | ജനുവരി | 16x980= 15,680/- | 16,000/- | 320/- |
| 11 | ഫെബ്രുവരി | 16x980= 15,680/- | 16,000/- | 320/- |
| 12 | മാർച്ച് | 17x980= 16,660/- | 17,000/- | 340/- |
| | | | ആകെ | 3,420/- |

അധികം തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കോട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്കിൽ വാഹന വാടക നൽകിയതുവഴി അധികം നൽകിയ 3,420/- രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 3,420/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ-12/9-3-23

1-17 മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ, മൈനാഗപ്പള്ളി സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ 33/22, 18/22 പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | സ്ഥാപനം,നൽകിയ തുക(രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ) | ലഭ്യമാകാനുള്ള മരുന്നിൻ്റെ വിവരം തുക(രൂപ) |
|---|---|---|---|
| 18/22, മൈനാഗപ്പള്ളി സി.എച്ച്.സി മരുന്ന് വാങ്ങൽ | കെ.എം.എസ്.സി.എൽ ബിൽ നമ്പർ-2/5.7.21, 3,00,000/- | 2,66,878/- | 33,122/- |
| 33/22,മൈനാഗപ്പള്ളി സി.എച്ച്.സി പാലിയേറ്റീവ് പരിചരണം -രണ്ടാം ഘട്ടം | കെ.എം.എസ്.സി.എൽ,ബിൽ നമ്പർ-4 /13.8.21, 3,02,800/- | 2,82,652/- | 20,148/- |
| | | ആകെ | 53,270/- |

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 53,270/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 53,270/-രൂപ
ഓഡിറ്റ് എൻക്വയറി നം. –21/15.1.23

1-18 പാലിയേറ്റീവ് പരിചരണ പദ്ധതി - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

പദ്ധതി - 69/22, സാന്ത്വനപരിചരണം
നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ശൂരനാട് (സി.എച്ച്.സി)
അടങ്കൽ – 9,00,000/-രൂപ (വികസന ഫണ്ട് ജനറൽ- 6,00,000/-രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതരം- 3,00,000/-)
ചെലവ്- 9,00,000/-രൂപ (വികസന ഫണ്ട് ജനറൽ-6,00,000/-രൂപ, മെയിന്റനൻസ് ഫണ്ട് റോഡിതരം- 3,00,000/-)

2021-22 വർഷത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങൽ, ഹോംകെയർ സംബന്ധമായ ചെലവ്, നഴ്സിന്റെ വേതനം, ടെലഫോൺ ചാർജ് എന്നിവയ്ക്ക് 9,00,000/-രൂപ ചെലവഴിച്ചു. ആയതിൽ മരുന്ന് വാങ്ങുന്നതിനായി 48,000/-രൂപ(ബിൽ നമ്പർ-6/28-9-21) കെ.എം.എസ്.സി.എൽ ന് നൽകിയതിൽ 45,027/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയത്. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,973/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 2,973/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 19/9.3.23

1-19 താലൂക്ക് ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി നിർവ്വഹണം നടത്തിയ പദ്ധതികൾ 54/22, 44/22 പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | സ്ഥാപനം, നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക(രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക(രൂപ) |
|---|---|---|---|
| 54/22, ആശുപത്രിക്ക് മരുന്ന് വാങ്ങൽ | കെ.എം.എസ്.സി.എൽ, ബിൽ നമ്പർ-20/14.3.22, 3,28,377/- | ഇല്ല | 3,28,377/- |
| 44/22, ശാസ്താംകോട്ട താലൂക്ക് ആശുപത്രി പാലിയേറ്റീവ് പരിചരണം | കെ.എം.എസ്.സി.എൽ, ബിൽ നമ്പർ-7 /27.10.21, 5,46,997/- | 3,26,489/- | 2,20,508/- |
| | ഐ.എച്ച്.ഡി.ബി, ബിൽ നമ്പർ-33 /23.3.22, 74,720/- | 71,111/- | 3,609/- |

| | | | |
|---|---|---|---|
| | ഐ.എച്ച്.ഡി.ബി,<br>ബിൽ നമ്പർ-35 /23.3.22,<br>2,10,023/- | 2,05,836/- | 4,187/- |
| | | ആകെ | 5,56,681/- |

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 5,56,681/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിൻ്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,56,681/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 19/9.3.23

## 1-20 സോളാർ പാനൽ സ്ഥാപിക്കൽ - കേന്ദ്രസർക്കാരിൽ നിന്നുള്ള ഇൻസെന്റീവ് വിവരം ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 116/22 ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ, |
| ചെലവഴിച്ച തുക | ₹2,07,018/- ബിൽ നം 21/21-22, 22.10.21 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്തിൽ 7 KW ശൃംഖലാ ബന്ധിത സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. ₹4,83,042/- മുൻ വർഷം അഡ്വാൻസ് അനുവദിച്ചതുൾപ്പടെ ആകെ ഈ പ്രോജക്ടിനായി നിർവ്വഹണ ഏജൻസിയായ കെൽട്രോണിന് അനുവദിച്ച തുക ₹6,90,060/- ആണ്. അനർട്ട്/എം.എൻ.ആർ.ഇ. നിബന്ധനകൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനാണ് കെൽട്രോണിന് സർക്കാർ അംഗീകാരം നല്കിയിട്ടുള്ളത്. എന്നാൽ കെൽട്രോണിൽ നിന്നും സ്ഥാപനത്തിന് അനർട്ട് /എം.എൻ.ആർ.ഇ.(318/38/2018-GCRT Dt.21-7-20 Of MNRE) പ്രകാരമുള്ള സബ്സിഡി ലഭിച്ചതിന്റെ രേഖകളോ ശൃംഖലാ ബന്ധിത സൗര മേൽക്കൂര വൈദ്യുതി നിലയങ്ങൾക്ക് കേന്ദ്ര സർക്കാർ നല്കുന്ന ഇൻസെന്റീവ് ലഭിച്ചതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളും പദ്ധതി പൂർത്തീകരണ രേഖകളും ഹാജരാക്കുന്നത് വരെ പ്രോജക്ടിനായി തൻവർഷം നടത്തിയ ₹2,07,018/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖ.1-35 കൂടി കാണുക)

ഓഡിറ്റ് എൻക്വയറി നം. – 11/9-3-23
തടസ്സപ്പെടുത്തുന്ന തുക – 2,07,018/-രൂപ

## 1-21 പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പാനൽ എൻജിനീയർമാർ മുഖേന നടത്തിയ ഇലക്ട്രിക്കൽ പ്രവൃത്തി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു.

| | | | | |
|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ | | | |
| പ്രോജക്ട് &നം | ശൂരനാട് സി.എച്ച്.സി. ഫാർമസി ബിൽഡിംഗ് | താലൂക്ക് ആശുപത്രി വൈദ്യുതീകരണം (141/2022 | മൈനാഗപ്പള്ളി സി.എച്ച്.സി കോൺഫെറൻസ് ഹാൾ | ശാസ്താംകോട്ട താലൂക്ക് ആശുപത്രി ശൂരനാട് സി.എച്ച്.സി |

| | | | | |
|---|---|---|---|---|
| | ഇലക്ട്രിഫിക്കേഷൻ (26/22) | | ഇലക്ട്രിഫിക്കേഷൻ (28/22) | ഇലക്ട്രിഫിക്കേഷൻ (177/22) |
| അടങ്കൽ തുക | 2,00,000/- (വികസന ഫണ്ട്) | 75,000/- ( വികസന ഫണ്ട്) | 2,00,000/- ( വികസന ഫണ്ട്) | 3,73,477/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | 196508/- | 73,889/- | 1,89,182/- | 3,59,410/- |

മേൽ നാല് പ്രവൃത്തികൾക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് എൽ.എസ്.ജി.ഡി ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ. കെ. രമണൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയറായ ശ്രീ സി. എം. ഷംസുദ്ദീൻ എന്നിവർ ആണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ നല്കുന്നു.

1. ശൂരനാട് സി.എച്ച്.സി. ഫാർമസി ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ (26/22)

ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച സോമശേഖരപിള്ള നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റേയും സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റേയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ, കരാറുകാരന് 1,82,841/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയായ 1,72,370/-രൂപയുടെ 3% തുകയായ 5,171/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാക്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 1,724/- രൂപ ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 226/10.03.22) (M.B.No. 4/21-22)

2. താലൂക്ക് ആശുപത്രി വൈദ്യുതീകരണം (141/2022)

ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച സോമശേഖരപിള്ള നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റേയും സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റേയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ, കരാറുകാരന് 73,889/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയായ 64,509/-രൂപയുടെ 3% തുകയായ 1,935/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാക്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 645/- രൂപ ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 141/28.12.2021) (M.B.No. 2/21-22)

3. മൈനാഗപ്പള്ളി സി.എച്ച്.സി കോൺഫെറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ (28/22)

ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച സോമശേഖരപിള്ള നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിൻ്റെയും സി. എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ, കരാറുകാരന് 1,76,038/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയായ 1,65,604/- രൂപയുടെ 3% തുകയായ 4,968/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാക്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെൻ്റ് എന്നിവയ്ക്കായി 1% തുകയായ 1,656/- രൂപ ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 225/10.03.22)

(M.B.No. 3/21-22)

4. ശാസ്താംകോട്ട താലൂക്ക് ആശുപത്രി ശൂരനാട് സി.എച്ച് സി ഇലക്ട്രിഫിക്കേഷൻ (177/22)

ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ പ്രസ്തുത പ്രവൃത്തിക്ക് കരാർ ലഭിച്ച സോമശേഖരപിള്ള.കെ.ജി. നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റേയും സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റേയും അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ, കരാറുകാരന് 3,34,309/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റ് തുകയായ 3,18,030/- രൂപയുടെ 3% തുകയായ 9,541/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാക്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെൻ്റ് എന്നിവയ്ക്കായി 1% തുകയായ 3,180/- രൂപ ശ്രീ. സി.എം. ഷംസുദ്ദീൻകുഞ്ഞിനും അനുവദിച്ചിട്ടുണ്ട്. (ബിൽ നം. 264/22.03.22) (M.B.No. 7/21-22)

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015 /ത.സ്വ.ഭ.വ ഉത്തരവിൽ ബ്ലോക്ക് പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ് എന്നും ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്യുന്നു.
മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറും എൽ.എസ്.ജി.ഡി. വിഭാഗവും തമ്മിൽ കരാർ വച്ചതായി കാണുന്നില്ല. നടത്തിയ പ്രവൃത്തികൾ ബ്ലോക്ക്പഞ്ചായത്ത് മരാമത്ത് വിഭാഗം പരിശോധിച്ചിട്ടില്ല. കരാർ ഇല്ലാത്തതിനാൽ ശ്രീ. രമണനും, ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞും ഹാജരാക്കിയ ബില്ലുകളുടെ സാധുത ബോധ്യപ്പെട്ടിട്ടില്ല.( ജി.എസ്.ടി.രജിസ്ട്രേഷൻ-ബിൽ നം./തീയതി ഇല്ല ).
രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ പ്രവൃത്തികൾക്ക് ഇലക്ട്രിക്കൽ കരാറുകാരനുമായി മാത്രമേ കരാർ വച്ചിരുന്നുള്ളൂ എന്ന മറുപടിയാണ് എ.ഇ ഹാജരാക്കിയത്.

പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം പാലിച്ച് മാത്രമേ ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ. നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദമായ പരിശോധന നടത്തുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതി, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം. 2/2021-22 തീയതി. 07.03.2023

1-22 ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഇ.എം.ഡി കണ്ടുകെട്ടിയില്ല.

പ്രോജക്ട് - വള്ളിയഴികത്ത്മുക്ക്-കടപ്പാക്കുഴി റോഡ് റീടാറിംഗ് (പ്രോജക്ട് നമ്പർ 105/2021-22)

അടങ്കൽ - 9,00,000/-രൂപ

എസ്റ്റിമേറ്റ് പി.എ.സി. - 8,03,053/-രൂപ

ക്വാട്ടഡ് പി.എ.സി.- 8,00,162/-രൂപ

കാലാവധി - 6 മാസം

നിർവ്വഹണം - അസി.എഞ്ചിനീയർ

ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 28.11.2019ലെ 111(1) തീരുമാനപ്രകാരം ക്വട്ടേഷൻ അംഗീകരിച്ച മേൽ പ്രവൃത്തിയുടെ (സെലക്ഷൻ നോട്ടീസ് 04.12.2019) കരാറുകാരനായ ശ്രീ. താസിം റ്റി.യൂനുസ് 19/എ.ഇ /എൽ.എസ്.ജി.ഡി/എസ്.കെ.ടി.എ./19-20 തീയതി. 18.12.2019 കരാർ വച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ബിറ്റുമിൻ സപ്ലൈ ചെയ്യുന്നതിന് സിഡ്കോ മാർക്കറ്റിംഗ് മാനേജർക്ക് 28.12.2019, 04.02.2022 തീയതികളിൽ കത്ത് നൽകിയതായി ഫയലിൽ കാണുന്നു. പ്രവൃത്തി ആരംഭിക്കാത്തതിനാൽ 22.10.2021 ൽ അസി.എഞ്ചിനീയർ ശ്രീ. താസ്സിം റ്റി.യൂനുസിന് 7 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അനന്തര നിയമനടപടികൾ ആരംഭിക്കുന്നതാണെന്നും അറിയിച്ച് (നം.04/എ.ഇ.ഇ/എൽ.എസ്.ജി.ഡി/എസ്.കെ.ടി.എ/2018-19 തീയതി. 22.10.2021) കത്ത് നൽകി.

തുടർന്നും പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 12.08.2022 ലെ മേൽ നമ്പർ കത്ത് പ്രകാരം ടിയാന്റെ ഇ.എം.ഡി (തുക 40,100/-) കണ്ടുകെട്ടുന്നതിന് അസി. എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്. തുടർനടപടി വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാരനായ ശ്രീ. തസീം റ്റി യൂനസ് ന്റെ ഇ.എം.ഡി കണ്ടുകെട്ടുന്നതിനായി 16.08.2022 ൽ കമ്മിറ്റി തീരുമാനം എടുത്തിരുന്നുവെങ്കിലും 08.03.2023 (ഓഡിറ്റ് നടക്കുന്ന തീയതി) ലാണ് ടി തീരുമാനം അസി.എഞ്ചിനീയർക്ക് ലഭിച്ചതെന്ന് അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഇ.എം.ഡി തുക അടിയന്തിരമായി കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി. 07.03.2023

## 1-23 ഇ-ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഓഫീസിൽ ഇ-ടെണ്ടർ നടത്തിയതുമായി ബന്ധപ്പെട്ട് ടെണ്ടർ ഫോറത്തിന്റെ വില 2019-20 വരെയുള്ള തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്തിൽ കത്ത് നൽകിയിട്ടും നിന്നും നാളിതുവരെ വിവരം ലഭ്യമായിട്ടില്ലയെന്ന് എ.ഇ മറുപടി ലഭ്യമാക്കി. 2020 മെയ് മാസം മുതൽ ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഡിപ്പോസിറ്റ് ചെയ്തുവരുന്നു. ആയത് പ്രകാരമുള്ള 1,62,135/-രൂപയും (2020 ൽ 49,085/-, 2021 ൽ 60,770/-, 2022 ൽ 52,280/-) ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുകയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന വിവിധ പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തുകകൾ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പേര് | തുക ₹ | എ.സി.ആർ പ്രകാരം ബിൽ നം/തീയതി | ഫണ്ട് ഇനം | തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 13/22 | പാലിയേറ്റീവ് പരിചരണം | 2,00,000/- | 147/10.01.22 | വികസന ഫണ്ട്(പൊതു ) | മൈനാഗപ്പള്ളി |
| 2 | 16/22 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ | 2,00,000/-<br>1,00,000/- | 34/31.08.21<br>33/31.08.21 | വികസനഫണ്ട് പൊതു. | കുന്നത്തൂർ |

| | | | | | | |
|---|---|---|---|---|---|---|
| 3 | 183/22 | ലൈഫ് ഭവനപദ്ധതി എസ് സി പി വിഹിതം നൽകൽ | 5,00,000/- 2,43,653/- | 300/26.03.22 301/26.03.22 | വികസനഫണ്ട് എസ് സി പി | പടി.കല്ലട |
| 4 | 6/22 | ആശ്രയ പദ്ധതി | 2,00,000/- | 149/10.01.22 151/10.01.22 | വികസന ഫണ്ട്(പൊതു ) | കുന്നത്തൂർ |
| 5 | 77/22 | ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂൾ കെട്ടിട പുനരുദ്ധാരണം | 5,00,000/- | 293/25.03.22 | വികസന ഫണ്ട്(പൊതു ) | ശൂരനാട് തെക്ക് |
| 6 | 187/22 | പാലിയേറ്റീവ് പരിചരണം | 2,00,000/- | അലോട്ട്മെന്റ് നം. 326/27.03.22 | വികസന ഫണ്ട്(പൊതു ) | മൈനാഗപ്പള്ളി |
| 7 | 07/22 | ലൈഫ് പി.എം.എ വൈ വിഹിതം നൽകൽ | 48,41,373/- | 35/31.08.21 36/31.08.21 37/31.08.21 78/30.10.21 79/30.10.21 80/30.10.21 84/30.10.21 86/30.10.21 119/21.12.21 122/21.12.21 125/21.12.21 150/21.12.21 299/26.03.22 അലോട്ട്മെന്റ് നം. 324/27.03.22, 341/30.03.22 | വികസന ഫണ്ട്(പൊതു ) | ശാസ്താംകോട്ട- ₹1,00,000/- മൈനാഗപ്പള്ളി- ₹28,81,373/- കുന്നത്തൂർ - ₹2,60,000/- പടി.കല്ലട -₹2,00,000/- ശൂരനാട് വടക്ക്- ₹14,00,000/- |
| 8 | 86/22 | ലൈഫ് പി.എം.എ വൈ വിഹിതം നൽകൽ | 60,00,000/- | 38/31.08.21 77/30.10.21 82/30.10.21 83/30.10.21 85/30.10.21 95/18.11.21 118/21.12.21 120/21.12.21 121/21.12.21 126/21.12.21 148/10.01.22 152/10.01.22 | വികസന ഫണ്ട് (എസ്.സി.പി) | മൈനാഗപ്പള്ളി - ₹41,25,500/- ശൂരനാട് വടക്ക് -₹4,50,000/- ശൂരനാട് തെക്ക് -₹9,20,000/- പടി.കല്ലട -₹5,04,500/- |
| 9 | 11/22 | ജനകീയ ക്യാന്റീൻ | 30,880- | അലോട്ട്മെന്റ് | വികസന | കുന്നത്തൂർ - |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ | നം. 323/27.03.22 302/26.03.22 | ഫണ്ട്(പൊതു ) | ₹19,880/- മൈനാഗപ്പള്ളി - ₹11,000/- |

ആകെ തുക - ₹ 1,30,15,906/-

വിവിധ പ്രോജക്ടുകളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹1,30,15,816/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,30,15,906/-രൂപ

1-25 ബെയിലിംഗ് യൂണിറ്റിനായി വാങ്ങിയ മെഷീനറികൾ വാറണ്ടി കാലം കഴിഞ്ഞിട്ടും ഇൻസ്റ്റാൾ ചെയ്തിട്ടില്ല - പദ്ധതിപ്പണത്തിന്റെ പാഴ് ചെലവ്.

ബ്ലോക്ക് പഞ്ചായത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി (നം.87/22) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ₹5,49,899/- ( വൗച്ചർ നം.XVFC/2021-22/P/11 24.03.22 ) ചെലവഴിച്ച് വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമായിട്ടില്ല.

തിരുവനന്തപുരത്തുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വർഷത്തെ വാറണ്ടിയുള്ള മെഷീൻ ആണ് 03.03.22 ലെ ഇൻവോയിസ് നം.TVMBC-271/21-22 പ്രകാരം വാങ്ങിയിട്ടുള്ളത്. മെഷീന്റെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

Model No. FLT-BMPO 25 MT, Capacity : 25 Tonnes Single Cylinder, Bale Weight : 50-75 Kg

പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ശുചിത്വസംവിധാനം മെച്ചപ്പെടുത്തുന്നതിനായി ബ്ളോക്ക് കോമ്പൗണ്ടിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഒരു ഓഫീസിലെ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഇത്തരത്തിലുള്ള മെഷീന്റെ ആവശ്യകത ഇല്ലായെന്നതിനാൽ ആവശ്യകതാ പഠനത്തിന്റെയടിസ്ഥാനത്തിലാണോ പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിയത് എന്ന് വ്യക്തമല്ല.

വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ ബെയിലിംഗ് നടത്തുന്നതിനാണോ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനാണെങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള മാലിന്യ ശേഖരണത്തിന് അവയുമായി ധാരണയിൽ എത്തിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമല്ല. പ്ലാസ്റ്റിക് വേസ്റ്റ് കളക്ടുചെയ്യുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയോ അവ വേർതിരിക്കുന്നതിനുള്ള സംവിധാനമോ ഏർപ്പെടുത്തിയിട്ടില്ല. ബെയിലിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച തൊഴിലാളികളെ നിയമിച്ചിട്ടുള്ളതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.22 ലെ S1-2249/2021 നമ്പർ ഉത്തരവിൽ യന്ത്രസാമഗ്രികൾ ഓഫീസ് കോമ്പൗണ്ടിൽ നിർദിഷ്ടഭാഗത്ത് സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തനക്ഷമത ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്നതിന്റെ അടിസ്ഥാനത്തിൽ മെഷീൻ സപ്ലൈ ചെയ്ത സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് 5,49,889/-രൂപ അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് ടീം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ വയറിംഗ് നടത്തി വൈദ്യുത കണക്ഷൻ എടുത്ത് മെഷീൻ ഇൻസ്റ്റലേഷൻ നടത്തിയതായിട്ടില്ലായെന്ന് കണ്ടു. അടിസ്ഥാനസൗകര്യം ഒരുക്കാതെയും ആവശ്യകത പരിശോധിക്കാതെയുമാണ് മെഷീൻ വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു. മെഷീൻ വാങ്ങി ഇൻസ്റ്റലേഷൻ നടത്താതെ സൂക്ഷിക്കുന്നതിനുള്ള കാരണവും മെഷീന് 03/22 മുതൽ 1 വർഷത്തെ വാറണ്ടിമാത്രം

ഉണ്ടെന്നിരിക്കെ നാളിതുവരെ പ്രവർത്തിപ്പിക്കാതിരിക്കാനുള്ള കാരണവും മറ്റ് അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിനും വിശദീകരിക്കുന്നതിനും നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.9/21-22 08.03.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ആവശ്യകത പഠിക്കാതെ ₹5,49,899/- ചെലവിട്ട് വാങ്ങിയ ബെയിലിംഗ് മെഷീൻ വാറണ്ടികാലമായ ഒരുവർഷത്തിനു ശേഷവും ഇൻസ്റ്റാൾ ചെയ്യിട്ടില്ലാത്തതും നാളിതുവരെ വൈദ്യുത കണക്ഷൻ പോലും ലഭ്യമാക്കിയിട്ടില്ലാത്തതും ബെയിലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ അനുബന്ധ സാഹചര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതുമാണ്. ഈ പ്രോജക്ടിനായുള്ള ചെലവ് പദ്ധതി പണത്തിന്റെ ദുർവ്യയമായതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹5,49,899/- ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-26 പദ്ധതി ആസൂത്രണം നിർവ്വഹണത്തിനായുള്ള പ്രോജക്ടിൽ നിന്നുള്ള അനധികൃത ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണം – സെക്രട്ടറി

പദ്ധതി ആസൂത്രണം നിർവ്വഹണത്തിനായുള്ള പ്രോജക്ടിന്റെ (നം.2/22) ഫയൽ പരിശോധിച്ചതിൽ "രാജഗിരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിച്ച് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കൽ - പൈപ്പ് ലൈൻ നീട്ടൽ" എന്ന പ്രവൃത്തിയ്ക്കായി ട്യൂബ് വെൽ ഡെവലപ്പിംഗ് നടത്തുന്നതിന് ₹15,435/-ചെലവ് ഈ പ്രോജക്ടിൽ നിന്നും നടത്തിയിരിക്കുന്നു (ബിൽ നം.27/21-22 27.11.21). പദ്ധതി ആസൂത്രണം നിർവ്വഹണത്തിൽ ഉൾപ്പെടാത്ത ചെലവ് ഇത്തരത്തിൽ നടത്തിയതിനുള്ള കാരണം വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/21-22 08.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2021-22-ലെ സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രോജക്ട് നം.92/22- രാജഗിരി കുടിവെള്ള പദ്ധതി എന്ന പ്രോജക്ട് ഉൾപ്പെട്ട് കാണുന്നില്ല. ആയതിനുള്ള കാരണവും വിശദീകരിച്ചിട്ടില്ല.

രാജഗിരി കുടിവെള്ള പദ്ധതിയ്ക്കായി മുൻവർഷം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്നും കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. ഈ പ്രോജക്ടിനായി മുൻവർഷമോ തുടർവർഷങ്ങളിലോ നടത്തിയിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി ആസൂത്രണത്തിനായി ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും നടത്തിയതും പ്രസ്തുത പ്രോജക്ടിന്റെ പരിധിയിൽ വരാത്തതുമായ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ ₹15,435/- നഷ്ടം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

### 1-27 ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശൂരനാട് പി എച്ച് സി-ക്ക് നേരിട്ട് സോളാർ പാനൽ സ്ഥാപിച്ചതിനുള്ള ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 126/22 ശൂരനാട് പി.എച്ച്.സി. ക്ക് സോളാർ പാനൽ സ്ഥാപിക്കൽ. |
| ചെലവഴിച്ച തുക | ₹1,47,800/-രൂപ, ബിൽ നം. 42/21-22 23-3-22 വികസന ഫണ്ട് |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ₹1,47,800/-കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ അഡ്വാൻസായി അനുവദിച്ച ₹3,45,030/- ഉൾപ്പടെ ഈ പ്രോജക്ടിന്റെ ആകെ ചെലവ് ₹4,92,830/- ആണ് .

ഈ പ്രോജക്ട് പ്രകാരം 5 Kw Ongrid Roof Top Solar Power Plant 25.09.21 പ്രാബല്യത്തിൽ പ്രവർത്തനക്ഷമമാണെന്ന് നിർവ്വഹണ ഏജൻസിയായ കെൽട്രോൺ 28.09.21 ലെ MKTG/KCASOLAR /SP)087/21-22/I കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഓൺഗ്രിഡ് പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നതിന്

കെഎസ് ഇ ബി യു മായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും പ്ലാന്റ് കമ്മീഷൻ ചെയ്ത് ഗ്രിഡ് കണക്ഷൻ നേടി പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയവ ആയതിനാൽ അവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം , പുനർ നിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടുകളിലേക്ക് ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നല്കുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. (ജി.ഒ(എം.എസ്)11/18 തസ്വഭവ 29-1-18 ഖ.7.7.1.5). ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നല്കുന്നതിന് പകരം ശൂരനാട് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പി.എച്ച്.സിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം . – 11/21-22 09 -3-23
നിരാകരിക്കുന്ന തുക - 1,47,800/-രൂപ

1-28 ബ്ലോക്ക് ഓഫീസ് കംപ്യൂട്ടർവത്ക്കരണം - കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

ബ്ലോക്ക് ഓഫീസ് കംപ്യൂട്ടർവത്ക്കരണം എന്ന പ്രോജക്റ്റ് (നം.160/22) പ്രകാരം 2 ഡെസ്ക്ക്ടോപ്പ് കംപ്യൂട്ടറുകളും 4 A4 പ്രിന്ററുകളും വാങ്ങുന്നതിന് കെൽട്രോണിലേക്ക് തുക ഒടുക്കിയിരിക്കുന്നു (ചെലവ് ₹1,81,304/-തനത്ഫണ്ട് ചെക്ക്നം.2938679/12.11.21). ഈ ഇനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും ബില്ലുകൾ, സ്റ്റോക്ക് എൻട്രി, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ഹാർഡ് വെയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായിട്ടില്ലായെങ്കിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 8/21-22 08.03.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ ₹1,81,304/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കി ഇൻസ്റ്റലേഷൻ, സ്റ്റോക്ക് എൻട്രി നടത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. നാളിതുവരെ ഈ ഇനങ്ങൾ ലഭ്യമായിട്ടില്ലായെങ്കിൽ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 1,81,304/-രൂപ

1-29 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളിൽ തുകകൾ തൻവർഷം നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നം. | പേര് | ഫണ്ട് ഇനം തുക(രൂപ) | നിക്ഷേപിച്ചത് |
|---|---|---|---|---|
| 1 | 164/22 | ശാസ്താംകോട്ട-മനക്കര കിഴക്ക് പുന്നക്കാട് കുടിവെള്ള പദ്ധതി വാർഡ് 10 | സി എഫ് സി ₹11,17,400/- 12/24.03.22 | കേരള വാട്ടർ അതോറിറ്റി, കൊല്ലം |
| 2 | 155/22 | നവദീപ്തി കുടിവെള്ള പദ്ധതി പുനരുദ്ധാരണം-ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വാർഡ് -6 | സി എഫ് സി ₹10,66,293/- ട്രഷറി ബിൽ നം.45/21-22 | ” |

| | | | | |
|---|---|---|---|---|
| | | | 26.03.22 | |
| 3 | 172/22 | ശൂരനാട് ഗ്രാമപഞ്ചായത്ത് മൂന്ന് മുക്ക് ജം.കോയിക്കരണ ഇല്ലിക്കുളം പൈപ്പ് ലൈൻ നീട്ടൽ വാർഡ്-2 | സി എഫ് സി ₹4,98,000/- P.13/24.03.22 | " |
| 4 | 96/22 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽകിണർ നിർമ്മാണം | സി എഫ് സി P.16 / 26.03.22 ₹4,66,998/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കൊല്ലം |

ആകെ തുക - ₹31,48,691/-

അനുവദിച്ച തുകയുടെ കൈപ്പറ്റ് വിവരം, തുകയുടെ വിനിയോഗവിവരം, പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും ( ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 11/2021-22 /09.03.23) ആയവ ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ ചെലവ്, പൂർത്തീകരണ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ ഡെപ്പോസിറ്റ് ചെയ്ത ₹31,48,691/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 31,48,691/-രൂപ

1-30 ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും താഴെ പറയുന്ന പ്രോജക്ടുകൾക്കായി അനുവദിച്ച തുകകളുടെ കൈപ്പറ്റ് , വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. പ്രോജക്ട് നം.20/22 ഐ കെ എം വെബ്സൈറ്റ് വരിസംഖ്യ നൽകൽ – ചെലവ് ₹65,054/-(വികസനഫണ്ട് (ജന)) (ബിൽ നം.04/21-22 20.07.21, 19/21-22 22.10.21)

2. പ്രോജക്ട് നം.20/22- ജീവനം പദ്ധതി ജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ - ചെലവ് ₹2,00,000/- (വികസനഫണ്ട്(ജന) (ബിൽ നം.25/22, 17.11.21)

തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

3. പ്രോജക്ട് നം.130/22 ജില്ലാ ആസൂത്രണസമിതി കെട്ടിടത്തിനു തുക വകയിരുത്തൽ - ചെലവ് ₹1,50,000/- (വികസനഫണ്ട്(ജന) (ബിൽ നം.15/21-22, 08.10.21)

അനുവദിച്ച തുകകളുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹4,15,054/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 4,15,054/-രൂപ

1-31 സംയുക്ത പ്രോജക്ടുകൾക്ക് തുകകൾ അനുവദിച്ചപ്പോൾ നടപടിക്രമം പാലിച്ചിട്ടില്ല.

വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളുമായി ചേർന്നു നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള സംയുക്ത പ്രോജക്ടുകൾക്കായി തൻ വർഷം തുകകൾ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | സംയുക്ത പ്രോജക്ടിൽ തുക ലഭിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | 90/22 | ആനയടി പാറയിൽ കുളം നവീകരണം(ശൂരനാട് വടക്ക് | സി എഫ് സി | ശൂരനാട് ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്തുമായി സംയുക്ത പ്രോജക്ട്)-വിഹിതം നൽകൽ | XV Fc/p7 /24.03.22 ₹5,00,000/- | |
| 2 | 127/22 | രണ്ടാംകുറ്റിയിൽമുക്ക് കുളത്തിന്റെ മേലേതിൽ ഏലാറോഡ് കോൺക്രീറ്റിംഗ് (പോരുവഴി ഗ്രാമപഞ്ചായത്തുമായി സംയുക്ത പ്രോജക്ട്)-വിഹിതം നൽകൽ | വികസന ഫണ്ട് എസ് സി പി ബിൽനം.81/30.10.21 ₹2,90,652/- | പോരുവഴി ഗ്രാമ പഞ്ചായത്ത് |
| 3 | 149/22 | ശ്മശാന നിർമ്മാണം | ടി എസ് സി ഫണ്ട്, ചെക്ക് നം. 14359/07.03.22 ₹7,71,400/- | പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് |

ആകെ തുക ₹15,62,052/-

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രോജക്ടിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വ്യക്തമായ നിബന്ധനകൾ ഉൾപ്പെടുത്തിയ ഒരു കരാറിൽ പരസ്പരം ഏർപ്പെടേണ്ടതും വിശദമായ എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പാക്കുന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള തുക കൈമാറേണ്ടതുമാണ്. എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ തുകകൾ കൈമാറുന്നതിനുമുൻപ് ഏർപ്പെട്ട കരാർ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എന്നിവ പരിശോധനയ്ക്കായി ആവശ്യപ്പെട്ടെങ്കിലും ( ഓഡിറ്റ് അന്വേഷണകുറിപ്പ് നം.11/2021-22 09.03.23) ആയവ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടുകളുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം, പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹15,62,052/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കിയും പ്രോജക്ട് ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 15,62,052/-രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബെയിലിംഗ് യൂണിറ്റിനായി വാങ്ങിയ മെഷീനറികൾ വാറണ്ടി കാലം കഴിഞ്ഞിട്ടും ഇൻസ്റ്റാൾ ചെയ്തിട്ടില്ല - പദ്ധതിപ്പണത്തിന്റെ പാഴ് ചെലവ്.

ബ്ലോക്ക് പഞ്ചായത്തിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ( നം.87/22) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ₹5,49,899/- ( വൗച്ചർ നം.XVFC/2021-22/P/11 24.03.22 ) ചെലവഴിച്ച വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തന സജ്ജമായിട്ടില്ല.

തിരുവനന്തപുരത്തുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു വർഷത്തെ വാറണ്ടിയുള്ള മെഷീൻ ആണ് 03.03.222ലെ ഇൻവോയിസ് നം.TVMBC-271/21-22 പ്രകാരം വാങ്ങിയിട്ടുള്ളത്. മെഷീന്റെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

Model No. FLT-BMPO 25 MT, Capacity : 25 Tonnes Single Cylinder, Bale Weight : 50-75 Kg





പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ശുചിത്വസംവിധാനം മെച്ചപ്പെടുത്തുന്നതിനായി ബ്ളോക്ക് കോമ്പൗണ്ടിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഒരു ഓഫീസിലെ പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഇത്തരത്തിലുള്ള മെഷീന്റെ ആവശ്യകത ഇല്ലായെന്നതിനാൽ ആവശ്യകതാ പഠനത്തിന്റെയടിസ്ഥാനത്തിലാണോ പ്രോജക്റ്റ് വിഭാവനം ചെയ്ത് നടപ്പിലാക്കിയത് എന്ന് വ്യക്തമല്ല.

വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ ബെയിലിംഗ് നടത്തുന്നതിനാണോ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രവർത്തിപ്പിക്കുന്നതിനാണെങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള മാലിന്യ ശേഖരണത്തിന് അവയുമായി ധാരണയിൽ എത്തിയിട്ടുണ്ടോയെന്നുമുള്ള വിവരം ലഭ്യമല്ല. പ്ലാസ്റ്റിക് വേസ്റ്റ് കളക്റ്റുചെയ്യുന്നതിനുള്ള മെറ്റിരിയൽ കളക്ഷൻ ഫെസിലിറ്റിയോ അവ വേർതിരിക്കുന്നതിനുള്ള സംവിധാനമോ ഏർപ്പെടുത്തിയിട്ടില്ല. ബെയിലിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച തൊഴിലാളികളെ നിയമിച്ചിട്ടുള്ളതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ബ്ളോക്ക് പഞ്ചായത്ത്സെക്രട്ടറിയുടെ 24.03.22 ലെ S1-2249/2021 നമ്പർ ഉത്തരവിൽ യന്ത്രസാമഗ്രികൾ ഓഫീസ് കോമ്പൗണ്ടിൽ നിർദിഷ്ടഭാഗത്ത് സ്ഥാപിച്ചിട്ടുള്ളതും പ്രവർത്തനക്ഷമത ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്നതിന്റെ അടിസ്ഥാനത്തിൽ മെഷീൻ സപ്ലൈ ചെയ്ത സ്ഥാപനമായ കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് 5,49,889/-അനുവദിച്ചിട്ടുണ്ട്.

എന്നാൽ ഓഡിറ്റ് ടീം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ പ്രാദേശിക പരിശോധനയിൽ വയറിംഗ് നടത്തി വൈദ്യുത കണക്ഷൻ എടുത്ത് മെഷീൻ ഇൻസ്റ്റലേഷൻ നടത്തിയതായിട്ടില്ലായെന്ന് കണ്ടു. അടിസ്ഥാനസൗകര്യം ഒരുക്കാതെയും ആവശ്യകത പരിശോധിക്കാതെയുമാണ് മെഷീൻ വാങ്ങിയിട്ടുള്ളതെന്ന് കാണുന്നു. മെഷീൻവാങ്ങി ഇൻസ്റ്റലേഷൻ നടത്താതെ സൂക്ഷിക്കുന്നതിനുള്ള കാരണവും മെഷീന് 03/22 മുതൽ 1 വർഷത്തെ വാറണ്ടിമാത്രം ഉണ്ടെന്നിരിക്കേ നാളിതുവരെ പ്രവർത്തിപ്പിക്കാതിരിക്കാനുള്ള കാരണവും മറ്റ് അനുബന്ധ വിവരങ്ങളും ലഭ്യമാക്കുന്നതിനും വിശദീകരിക്കുന്നതിനും നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം.9/21-22 08.03.23 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ളോക്ക്പഞ്ചായത്തിൽ ആവശ്യകത പഠിക്കാതെ ₹5,49,899/- ചെലവിട്ട് വാങ്ങിയ ബെയിലിംഗ് മെഷീൻ വാറണ്ടികാലമായ ഒരുവർഷത്തിനുശേഷവും ഇൻസ്റ്റാൾ ചെയ്യിട്ടില്ലാത്തതും നാളിതുവരെ വൈദ്യുത കണക്ഷൻ പോലും ലഭ്യമാക്കിയിട്ടില്ലാത്തതും ബെയിലിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ അനുബന്ധ സാഹചര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതുമാണ്. ഈ പ്രോജക്ടിനായുള്ള ചെലവ് പദ്ധതി പണത്തിന്റെ ദുർവ്യയമായതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ₹5,49,899/- ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-2 പദ്ധതി ആസൂത്രണം നിർവ്വഹണത്തിനായുള്ള പ്രോജക്ടിൽ നിന്നുള്ള അനധികൃത ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണം – സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതി ആസൂത്രണം, നിർവ്വഹണത്തിനായുള്ള പ്രോജക്ടിന്റെ (നം.2/22) ഫയൽ പരിശോധിച്ചതിൽ "രാജഗിരി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിച്ച് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കൽ-പൈപ്പ് ലൈൻ നീട്ടൽ"എന്ന പ്രവൃത്തിയ്ക്കായി ട്യൂബ് വെൽ ഡെവലപ്പിംഗ് നടത്തുന്നതിന് ₹15,435/-ചെലവ് ഈ പ്രോജക്ടിൽ നിന്നും നടത്തിയിരിക്കുന്നു (ബിൽ നം.27/21-22 27.11.21). പദ്ധതി ആസൂത്രണം നിർവ്വഹണത്തിൽ ഉൾപ്പെടാത്തചെലവ് ഇത്തരത്തിൽ നടത്തിയതിനുള്ള കാരണം വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 10/21-22 08.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2021-22-ലെ സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രോജക്റ്റ് നം.92/22-രാജഗിരി കുടിവെള്ള പദ്ധതി എന്ന പ്രോജക്റ്റ് ഉൾപ്പെട്ട് കാണുന്നില്ല. ആയതിനുള്ള കാരണവും വിശദീകരിച്ചിട്ടില്ല.

രാജഗിരി കുടിവെള്ള പദ്ധതിയ്ക്കായി മുൻവർഷം പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും കുഴൽകിണർ നിർമ്മിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമാക്കേണ്ടതാണ്. ഈ പ്രോജക്ടിനായി മുൻവർഷമോ തുടർവർഷങ്ങളിലോ നടത്തിയിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി ആസൂത്രണത്തിനായി ആവിഷ്കരിച്ച പ്രോജക്ടിൽ നിന്നും നടത്തിയതും പ്രസ്തുത പ്രോജക്ടിന്റെ പരിധിയിൽ വരാത്തതുമായ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ ₹15,435/- നഷ്ടം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ശൂരനാട് പി എച്ച് സി ക്ക് നേരിട്ട് സോളാർ പാനൽ സ്ഥാപിച്ചതിനുള്ള ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 126/22 ശൂരനാട് പി.എച്ച്.സി. ക്ക് സോളാർ പാനൽ സ്ഥാപിക്കൽ. |
| ചെലവഴിച്ച തുക | ₹1,47,800/-രൂപ, ബിൽ നം. 42/21-22 23-3-22 വികസന ഫണ്ട് |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം ശൂരനാട് പി.എച്ച്.സി ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ₹1,47,800/-കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ അഡ്വാൻസായി അനുവദിച്ച ₹3,45,030/- ഉൾപ്പടെ ഈ പ്രോജക്ടിന്റെ ആകെ ചെലവ് ₹4,92,830/- ആണ്.

ഈ പ്രോജക്റ്റ് പ്രകാരം 5 Kw Ongrid Roof Top Solar Power Plant 25.09.21 പ്രാബല്യത്തിൽ പ്രവർത്തനക്ഷമമാണെന്ന് നിർവ്വഹണ ഏജൻസിയായ കെൽട്രോൺ 28.09.21 ലെ MKTG/KCASOLAR /SP)087/21-22/I കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഓൺഗ്രിഡ് പ്ലാന്റ് പ്രവർത്തന സജ്ജമാകുന്നതിന് കെഎസ് ഇ ബി യു മായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും പ്ലാന്റ് കമ്മീഷൻ ചെയ്ത് ഗ്രിഡ് കണക്ഷൻ നേടി പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയവ ആയതിനാൽ അവ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, അവയുടെ നിർമ്മാണം , പുനർ നിർമ്മാണം, അറ്റകുറ്റപ്പണികൾ, മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തുകൾ എടുക്കുന്ന പ്രോജക്ടുകളിലേക്ക് ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നല്കുന്നതിന് മാത്രമാണ് സർക്കാർ അനുമതിയുള്ളത്. (ജി.ഒ(എം.എസ്)11/18 തസ്വഭവ 29-1-18 ഖ.7.7.1.5). ഗ്രാമപഞ്ചായത്തിന്റെ പദ്ധതിക്ക് വിഹിതം നല്കുന്നതിന് പകരം ശൂരനാട് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ പി.എച്ച്.സിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം . – 11/21-22 09 -3-23
നിരാകരിക്കുന്ന തുക - ₹ 1,47,800/-രൂപ

3-4 ഹോം കെയർ വാഹന വാടക - 3,420/- രൂപ അധികം നൽകി.

പദ്ധതി-69/22, സാന്ത്വനപരിചരണം
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ശൂരനാട് സി.എച്ച്.സി
അടങ്കൽ - 9,00,000/-രൂപ (വികസന ഫണ്ട് ജനറൽ-6,00,000/-,മെയിൻ്റനൻസ് ഫണ്ട് റോഡിതരം-3,00,000/-)
ചെലവ്-9,00,000/-രൂപ (വികസന ഫണ്ട് ജനറൽ- 6,00,000/-,മെയിൻ്റനൻസ് ഫണ്ട് റോഡിതരം-3,00,000/-)

2021-22 വർഷത്തിലെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഹോം കെയറിന് ആവശ്യമായ വാഹനം കൊട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിനനിരക്ക് 980/-രൂപ കോട്ട് ചെയ്ത ശ്രീമതി.സിബിത് കുമാരി. എസ്സിൽ നിന്ന് വാഹനം വാടകയ്ക്ക് എടുത്തു. എന്നാൽ ദിവസ വാടക നൽകിയിരിക്കുന്നത് 1,000/-രൂപ നിരക്കിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സീ.നമ്പർ | മാസം | നൽകേണ്ട തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|
| 1 | ഏപ്രിൽ | 11x980= 10,780/- | 11,000/- | 220/- |
| 2 | മേയ് | 9x980= 8,820/- | 9,000/- | 180/- |
| 3 | ജൂൺ | 14x980= 13,720/- | 14,000/- | 280/- |
| 4 | ജൂലൈ | 15x980= 14,700/- | 15,000/- | 300/- |
| 5 | ആഗസ്റ്റ് | 13x980= 12,740/- | 13,000/- | 260/- |
| 6 | സെപ്റ്റംബർ | 16x980= 15,680/- | 16,000/- | 320/- |
| 7 | ഒക്ടോബർ | 15x980= 14,700/- | 15,000/- | 300/- |
| 8 | നവംബർ | 16x980= 15,680/- | 16,000/- | 320/- |
| 9 | ഡിസംബർ | 13x980= 12,740/- | 13,000 | 260/- |
| 10 | ജനുവരി | 16x980= 15,680/- | 16,000/- | 320/- |
| 11 | ഫെബ്രുവരി | 16x980= 15,680/- | 16,000/- | 320/- |
| 12 | മാർച്ച് | 17x980= 16,660/- | 17,000/- | 340/- |
| | | | ആകെ | 3,420/- |

അധികം തുക നൽകിയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കോട്ട് ചെയ്ത തുകയേക്കാൾ കൂടിയ നിരക്കിൽ വാഹന വാടക നൽകിയതുവഴി അധികം നൽകിയ 3,420/- രൂപ നിരാകരിക്കുന്നു. അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 3,420/- രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ-12/9-3-23

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 07.03.23 | കെ.എസ്.എ.കെ.എൽ.എം.പി10/539/23 തീയതി 11/04/2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 39,20,000/- (ജനറൽ) 39,20,000/- (എസ്.സി.) | പി.എം.എ.വൈ.ഭവന നിർമ്മാണം | 78,40,000/- | 0 |
| കുന്നത്തൂർ | 2021-22 | 1,40,000/- | പി.എം.എ.വൈ.ഭവന നിർമ്മാണം | 1,40,000/- | 0 |
| ശൂരനാട് വടക്ക് | 2021-22 | 1,00,000/- | പി.എം.എ.വൈ.ഭവന നിർമ്മാണം | 1,00,000/- | 0 |
| ശൂരനാട് തെക്ക് | 2021-22 | 2,80,000/- | പി.എം.എ.വൈ.ഭവന നിർമ്മാണം | 2,80,000/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ടിന്റെ നം. | പേര് | ഫണ്ട് ഇനം തുക | നിക്ഷേപിച്ചത് |
|---|---|---|---|---|
| 1 | 164/22 | ശാസ്താംകോട്ട-മനക്കര കിഴക്ക് പുന്നക്കാട് കുടിവെള്ള പദ്ധതി വാർഡ് 10 | സി എഫ് സി ₹11,17,400/- 12/24.03.22 | കേരള വാട്ടർ അതോറിറ്റി, കൊല്ലം |
| 2 | 155/22 | നവദീപ്തി കുടിവെള്ള പദ്ധതി പുനരുദ്ധാരണം-ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് വാർഡ് .6 | സി എഫ് സി ₹10,66,293/- ട്രഷറി ബിൽ നം.45/21-22 26.03.22 | ” |
| 3 | 172/22 | ശൂരനാട് ഗ്രാമപഞ്ചായത്ത് മൂന്ന് മുക്ക് ജം.കോയിക്കരണ ഇല്ലിക്കളം പൈപ്പ് ലൈൻ നീട്ടൽ വാർഡ്.2 | സി എഫ് സി ₹4,98,000/- P.13/24.03.22 | ” |

| | | | | |
|---|---|---|---|---|
| 4 | 96/22 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽകിണർ നിർമ്മാണം | സി എഫ് സി P.16 / 26.03.22 ₹4,66,998/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കൊല്ലം |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- ആത്യന്തികമായി പാഴ്ച്ചെലവായി മാറി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,49,899/- | ശ്രീ. അനിൽകുമാർ കെ. സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 3-2 | | 15,435/- | ശ്രീ. അനിൽകുമാർ കെ. സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 3-3 | | 1,47,800/- | ശ്രീ. അനിൽകുമാർ കെ. സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് |
| 3-4 | | 3,420/- | ഡോ.എം.കെ.വിമല<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. ശൂരനാട് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 15,64,309/- | ശ്രീമതി ബിന്ദു ബി.എൻ<br>ക്ഷീരവികസന ഓഫീസർ |
| 1-15 | 5,31,900/- | ശ്രീമതി ഗംഗാഭായി<br>ശിശുവികസന ഓഫീസർ |
| 1-20 | 2,07,018/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| 1-24 | 1,30,15,906/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| 1-28 | 1,81,304/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| 1-29 | 31,48,691/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| 1-30 | 4,15,054/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| 1-31 | 15,62,052/- | ശ്രീ.അനിൽകുമാർ കെ., സെക്രട്ടറി |
| ആകെ | 2,06,26,234/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ കെ. | അസ്സി.ഡവലപ്പ്മെന്റ് കമ്മീഷണർ | കല്ലൂരാവിൽ ഹൗസ്, വേങ്ങ, മൈനാഗപ്പള്ളി |
| ഡോ.എം.കെ.വിമല<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. ശൂരനാട് | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. ശൂരനാട് | വൃന്ദാവൻ, കൈരളി റോഡ്, ചെറായി പി.ഒ, എറണാകുളം |
| ശ്രീമതി ബിന്ദു ബി.എൻ<br>ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ<br>നേമം,<br>തിരുവനന്തപുരം | നളിനം ടി.സി.<br>94/3478 കെ.ആർ.എ.ബി 2<br>കണ്ണമ്മൂല, തിരുവനന്തപുരം |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻ്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018 | 8 |
| 1998-99 മുതൽ 2004-05 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018 | 7 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018 | 10 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16 | 8 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14 | 7 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14 | 8 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15 | 4 |
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി-1536(1)/14, 2.7.14 | 6 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15 | 15 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16 | 9 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17 | 18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017 | 9 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21 | 17 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.10/485/22 21.6.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.10/ /22 21.6.22 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.